(ബി) 2005-06 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കായി 50 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ആദ്യ ഗഡുവായ 2 കോടി രൂപയും രണ്ടാം ഗഡുവായി 45 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. 4020 യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് ഈ ആനുകൂല്യം ലഭ്യമാകുന്നതാണ്. അതിൻ പ്രകാരം ഏകദേശം 20100 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

മത്സ്യബന്ധന ബോട്ടുകളിലെ സുരക്ഷാ സംവിധാനങ്ങൾ

151. [151] ശ്രീ. സി. പി. മുഹമ്മദ് :
,, ജി. കാർത്തികേയൻ :
,, എ. കെ. മണി :
,, എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലും 2006-ൽ ഇതുവരെയും കൊല്ലം, നീണ്ടകര, അഞ്ചുതെങ്ങ്, അഴീക്കൽ, ചെറിയഴീക്കൽ ഭാഗങ്ങളിൽ എത്ര മത്സ്യബന്ധന ബോട്ടുകൾ അപകടത്തിൽപ്പെട്ടു; അപകടങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടു;

(ബി) ഈ ബോട്ടുകളിൽ സുരക്ഷാ സംവിധാനങ്ങൾ ഉണ്ടായിരുന്നുവോ;

(സി) മത്സ്യബന്ധന ബോട്ടുകളിൽ ലൈഫ് ജാക്കറ്റുകൾ, സിഗ്നൽ സംവിധാനങ്ങൾ, വയർലസ് സംവിധാനങ്ങൾ മുതലായ സുരക്ഷാ സംവിധാനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ ഏർപ്പാടുണ്ടാക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ച് ബോട്ടുകൾ അപകടത്തിൽപ്പെട്ടു, മൂന്നുപേർ മരിച്ചു. മറ്റ് മൂന്ന് പേരെ കാണാതായി.

(ബി) ഇല്ല.

(സി) സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കുന്നതിന് കൊല്ലം ജില്ലാ കലക്ടറുടെ നേതിട്ടുള്ള മേൽനോട്ടത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ലൈഫ് ജാക്കറ്റും മറ്റ് ഉപകരണങ്ങളും ബോട്ടുകളിൽ നിർബന്ധമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും സി റെകസ്ക്യൂ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് സർക്കാർ അനുമതി കൊടുത്തിട്ടുണ്ട്.

കായൽ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ

152. [152] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ കായൽ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 2005-06 വർഷത്തിൽ എത്ര റോഡുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ പെരിങ്ങളം നിയോജകമണ്ഡലത്തിൽ ചൊക്ളി ഗ്രാമ പഞ്ചായത്തിലെ നാരായണൻ പറമ്പ്-മോന്താൽ കടവ് റോഡിനും ന്യൂമാഹി വാണ്കണ്ടം കോവിലകം റോഡിനും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ട്?

(സി) പ്രസ്തുത റോഡുകളുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

അന്യ സംസ്ഥാനങ്ങളിൽനിന്നുള്ള മത്സ്യ ഇറക്കുമതി

153. [153] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2005-06 സാമ്പത്തിക വർഷത്തിൽ ഇറക്കുമതിയിലൂടെ അന്യ സംസ്ഥാനങ്ങൾ വഴി സംസ്ഥാനത്ത് പ്ലാന്റുകളിൽ എത്തിയ മത്സ്യം എത്ര മെട്രിക് ടൺ ആണ്?

ഉത്തരം

2005-06 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ നിയന്ത്രണത്തിലുള്ള പ്ലാന്റുകളിൽ മത്സ്യം ഇറക്കുമതി ചെയ്തിട്ടില്ല. സ്വകാര്യ പ്ലാന്റുകളിൽ ഇറക്കുമതി ചെയ്ത മത്സ്യത്തിന്റെ കണക്കുകൾ ലഭ്യമല്ല.

മുൻ കായിക താരങ്ങൾക്കുള്ള പെൻഷൻ

154. [154] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് വകുപ്പിൽനിന്നും എത്ര മുൻ കായിക താരങ്ങൾക്കാണ് ഇപ്പോൾ പെൻഷൻ നൽകുന്നത്; ഇതിൽ മുൻ കളരിപ്പയറ്റ് കായിക താരങ്ങളെത്ര;

(ബി) മുൻ കായിക താരങ്ങളുടെ പെൻഷൻ സംബന്ധിച്ച് ഇപ്പോൾ എത്ര അപേക്ഷകൾ സ്പോർട്സ് കൗൺസിലിൽ തീരുമാനം എടുക്കാനുണ്ട്; ഇതിനകം എന്ത് തീരുമാനം കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly